(ബി) അതത് പ്രദേശങ്ങളിലെ ഉത്സവങ്ങളാണ് വള്ളംകളികൾ. ഓണാഘോഷങ്ങളുടെ ഭാഗമായും വള്ളംകളി നടന്നുവരുന്നു.

(സി) ടൂറിസം വകുപ്പ് പുറത്തിറക്കുന്ന പ്രചാരണോപാധികളിൽ ഉൾപ്പെടുത്തി പ്രമുഖ വള്ളംകളിമേളകൾക്ക് ഇതര സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലും പ്രചാരണം നടത്തിവരുന്നു.

(ഡി) കളികൾക്കും മറ്റുമുള്ള പ്രോത്സാഹനത്തിനായി പ്രചാരണത്തിനു സഹായിക്കുന്നതിനുപുറമെ ടൂറിസം വകുപ്പ് സാമ്പത്തികസഹായവും നൽകിവരുന്നുണ്ട്.

(ഇ) വള്ളംകളി നടത്തിപ്പിന്റെ പ്രധാന ചുമതല വഹിക്കുന്നത് പ്രാദേശിക കമ്മിറ്റികളാണ്. കൂടുതൽ പ്രചാര പരിപാടികൾ ആവിഷ്ക്കരിച്ചും സാധ്യമായ സാമ്പത്തികസഹായം അനുവദിച്ചും സംസ്ഥാന ടൂറിസം വകുപ്പ് ഈ സംരംഭങ്ങളിൽ പങ്കാളിത്തം വഹിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മാനസികരോഗാശുപത്രികളുടെ പ്രവർത്തനം

143(3072)ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മാനസികരോഗാശുപത്രികളിൽ രോഗികൾക്ക് മരുന്ന്, ആഹാരം, വസ്ത്രം, കിടക്ക എന്നീ പ്രാഥമിക ആവശ്യങ്ങൾ ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) രോഗം പൂർണ്ണമായി മാറിയിട്ടും മടങ്ങിപ്പോകാൻ കഴിയാത്ത എത്ര പേർ ഇപ്പോൾ ആശുപത്രികളിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവരുടെ പുനരധിവാസത്തിന് ഏതൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) മാനസികരോഗാശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)& (ബി) മാനസികാരോഗ്യ കേന്ദ്രത്തിൽ രോഗികൾക്ക് മരുന്ന്, ആഹാരം, വസ്ത്രം, കിടക്ക എന്നിവ ആവശ്യാനുസരണം നൽകുന്നുണ്ട്. ഇവിടെ ലഭ്യമല്ലാത്ത മരുന്നുകൾ ലോക്കൽ പർച്ചേസ് മുഖാന്തിരം വിലക്കു വാങ്ങി നൽകുന്നുണ്ട്. ഭക്ഷണസാധനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് നീതി സ്റ്റോർ, ത്രിവേണി ഡിപ്പാർട്ട്മെന്റ് സ്റ്റോർ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ, മിൽമ, മത്സ്യഫെഡ് എന്നീ ഗവണ്മെന്റ് ഏജൻസികളിൽ നിന്നും ഭക്ഷണത്തിനുള്ള സാധനങ്ങൾ വാങ്ങി വിതരണം ചെയ്യുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം ആവശ്യമുള്ള വസ്ത്രം കുളിതോർത്ത്, മുണ്ട് എന്നിവയും കട്ടിലുകൾ പാത്രങ്ങൾ, കിടക്കവിരികൾ എന്നിവയും വാങ്ങി രോഗികൾക്ക് വിതരണം ചെയ്തു.

(സി) രോഗം പൂർണ്ണമായി മാറിയിട്ടും മടങ്ങി പോകാൻ കഴിയാതെ തിരുവനന്തപുരം മാനസികാരോഗ്യകേന്ദ്രത്തിൽ 101 പേരും തൃശൂരിൽ 35 പേരും, കോഴിക്കോട് 10 പേരും ഉണ്ട്.

(ഡി) തിരുവനന്തപുരം മാനസികാരോഗ്യകേന്ദ്രത്തോടനുബന്ധിച്ച് പകൽ വീട് വാർഡ് അഭയ എന്ന സന്നദ്ധ സംഘടനയുടെ സഹകരണത്തോടെ പുനരധിവാസ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. രോഗം ഭേദമായവരെ അഭയയിൽ പാർപ്പിച്ച് എല്ലാ ദിവസവും രാവിലെ ഈ പകൽവീട് വാർഡിലേക്ക് കൊണ്ടുവരുന്നു. പകൽ സമയം മുഴുവൻ നെയ്ത്ത്, ബുക്ക് ബൈൻഡിംഗ്, പച്ചക്കറി കൃഷി എന്നീ മേഖലകളിൽ പരിശീലനം നൽകിയിട്ട് ഓരോരോ ജോലികളിൽ ഏർപ്പെടാനുള്ള സൗകര്യം ഇവർക്ക് നല്കിവരുന്നു. കൃഷി ഡിപ്പാർട്ട്മെന്റിന്റെ സഹായത്തോടെ പച്ചക്കറികൃഷി ചെയ്യുന്നതിൽ രോഗികളെ പങ്കെടുപ്പിക്കുകയും അവർ വിളയിക്കുന്ന പച്ചക്കറി ഫലങ്ങൾ ഇവിടത്തന്നെ ഭക്ഷണത്തിനായുപയോഗിക്കുകയും ചെയ്തു വരുന്നു.

തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രത്തിൽ പച്ചക്കറികൃഷി, പന്നി വളർത്തൽ, ബുക്ക് ബൈൻഡിംഗ്, നേഴ്സറി എന്നിവ പ്രവർത്തിക്കുന്നുണ്ട്.

കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസ് മുഖേന ഒരു ബുക്ക് ബൈൻഡിംഗ് യൂണിറ്റ്, പേപ്പർ കവർ മേയ്ക്കിംഗ് യൂണിറ്റ്, പ്രിന്റിംഗ് പ്രസ്സ്, കാർട്ടൺ മേക്കിംഗ് യൂണിറ്റ് എന്നിവ നടത്തുന്നുണ്ട്. കൂടാതെ കൃഷി പ്രവർത്തനങ്ങളിലും ഇവരെ നിയോഗിക്കുന്നുണ്ട്.

(ഇ) 1999-2000 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം, തൃശൂർ, കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 150 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങളാണ് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മാനസികാരോഗ്യകേന്ദ്രങ്ങളിലെ രോഗികളുടെ ബാഹുല്യം കുറയ്ക്കുന്നതിനായി ജില്ലാ താലൂക്ക്തല ആശുപത്രികളിൽ മാനസിക ചികിത്സ നടത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രങ്ങളിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ദേശീയ മലേറിയ നിർമ്മാർജ്ജന പദ്ധതി

144 (3073)ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ മലേറിയ നിർമ്മാർജ്ജന പദ്ധതിക്കായി 1997-98-ൽ എന്ത് തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ അനുവദിക്കപ്പെട്ട തുക പൂർണ്ണമായും വിനിയോഗിക്കാതിരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആ തുക എത്രയാണ്;

(ഡി) പ്രസ്തുത തുക പൂർണ്ണമായും ചെലവഴിക്കാതിരിക്കാനുള്ള കാരണം വെളിപ്പെടുത്താമോ;

(ഇ) ഭാവിയിൽ ഇതുണ്ടാകാതിരിക്കുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly